പട്ടികവർഗ്ഗക്കാരുടെ കൈവശമുള്ള ഭൂമി

661 [633] ശ്രീമതി ഗൗരിഅമ്മ തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ കൈവശം ഇപ്പോൾ എത്ര ഹെക്ടർ ഭൂമി ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ പട്ടയം കിട്ടിയിട്ടുള്ള ഭൂമി എത്ര ഹെക്ടർ;

(സി) 1975-ൽ ഗിരിവർഗ്ഗക്കാരുടെ കൈവശഭൂമി എത്ര ഹെക്ടർ ആയിരുന്നു. അതിൽ പട്ടയം ലഭിച്ചിരുന്നത് എത്ര ഹെക്ടർ സ്ഥലത്തിനാണ്;

(ഡി) പട്ടികവർഗ്ഗക്കാർക്ക് പതിച്ചുകൊടുത്തിട്ടുള്ളതും കൈവശമുണ്ടായിരുന്നതുമായ സ്ഥലത്തിൽ നിന്നും എത്ര ഹെക്ടർ സ്ഥലം 1975-നു ശേഷം കൈമാറ്റം ചെയ്തിട്ടുണ്ട്;

(ഇ) പട്ടിക വർഗ്ഗക്കാരുടെ ഭൂമി കൈമാറ്റം ചെയ്യുന്നത് നിരോധിച്ചുകൊണ്ടുള്ള നിയമം ഇനിയും നടപ്പിൽ വന്നിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ജി) നേരത്തേ പാസ്സാക്കപ്പെട്ടിരുന്ന നിയമത്തിനുണ്ടായിരുന്ന മുൻ പ്രാബല്യം എന്നു മുതലായിരുന്നു;

(എച്ച്) ഇപ്പോൾ അതിന് വ്യത്യാസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) 1-1-1982 മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി, എച്ച്) 1-1-1960-നും കേരള ഗിരിജന ഭൂമി വീണ്ടെടുക്കൽ നിയമം നിലവിൽ വരുന്നതിനും ഇടയ്ക്ക് ഒരു ഗിരിജൻ മറ്റൊരു ഗിരിജനൊഴികെ മറ്റാർക്കെങ്കിലും ഭൂമി കൈവശമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഭൂമി ഗിരിജന ഉടമയ്ക്ക് തിരികെ ലഭിക്കുമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. 24-1-1986-ൽ പുറപ്പെടുവിച്ച 89-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസ്തുത നിയമം 1-1-1932 മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം മാത്രമാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. നിയമത്തിൽ വ്യത്യാസം വരുത്തിയിട്ടില്ല.

പട്ടയ വിതരണം നടന്നുവരുന്ന ജില്ലകൾ

662 [634] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം ജില്ലകളിലാണ് ഇപ്പോൾ പട്ടയ വിതരണം നടന്നുവരുന്നത്;

(ബി) ഇടുക്കി ജില്ലയിൽ പട്ടയ വിതരണം നിർത്തി വച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അങ്ങനെ ചെയ്യാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലകളിലും പട്ടയ വിതരണം നടന്നുവരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കേരള ഹൈക്കോടതി ഒ. പി. നമ്പർ 10797/84—ൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം ഇടുക്കി ജില്ലയിൽ പട്ടയം കൊടുക്കുന്നത് സ്റ്റേ ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഇടുക്കി ജില്ലയിലെ എല്ലാ വിധത്തിലുള്ള ഭൂമി പതിവുകൾക്കും ബാധകമാക്കിയിട്ടുണ്ട്.

ശ്രീ. വെളുമ്പന്റെ പുതുവൽ ഭൂമിയുടെ പട്ടയം

663 [635] ശ്രീ. പി. കെ. കെ. ബാവ:

,, കോടിയേരി ബാലകൃഷ്ണൻ:

,, കെ. വി. സുരേന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി—പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ കൈവശാവകാശത്തിലും ദേഹണ്ഡത്തിലുമുള്ള പുതുവൽ ഭൂമി പതിച്ച് പട്ടയം നൽകുമ്പോൾ തറവില, സർവ്വേ ചാർജ്, പതിവ് കുടിശ്ശിക എന്നിവ റവന്യൂ ഡിപ്പാർട്ടുമെന്റ് വസൂലാക്കാറുണ്ടോ;

(ബി) അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ തുവയൂർ തെക്ക് കല്ലേരിമുകളിൽ ശ്രീ. കെ. വെളുമ്പൻ എന്ന പട്ടികജാതിക്കാരനായ കർഷകത്തൊഴിലാളിക്ക് സർവ്വേ നമ്പർ 327/1-1—ൽ പെട്ട 14 സെന്റ് പുതുവൽ ഭൂമി പതിച്ച് 4—3—1982—ൽ പട്ടയം നൽകിയിട്ടുണ്ടോ;

(സി) ശ്രീ. വെളുമ്പനെതിരെ ആർ. ആർ. ആക്ടിന് പ്രകാരം ജപ്തി നടപടി സ്വീകരിക്കുകയോ പട്ടയം റദ്ദ് ചെയ്യുകയോ ചെയ്യുമെന്ന മുന്നറിയിപ്പ് താലൂക്കധികൃതർ നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്ത്;

(ഇ) റവന്യൂ റിക്കവറി നടപടികളിൽ നിന്നും പട്ടികജാതിക്കാരനായ ശ്രീ. വെളുമ്പനെ പൂർണ്ണമായി ഒഴിവാക്കാൻ സത്വര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) പട്ടിക ജാതി—പട്ടിക വർഗ്ഗക്കാർക്ക് അവരുടെ കൈവശാവകാശത്തിലും ദേഹണ്ഡത്തിലുമുള്ള പുതുവൽഭൂമി പതിച്ചു പട്ടയം നൽകുമ്പോൾ അവരിൽനിന്നും തറവില, സർവ്വേ ചാർജ്, പതിവു കുടിശ്ശിക ഇവ ഈടാക്കാറില്ല. തടിവില ഈടാക്കും.

(ബി) എൽ. എ. 30/81 നമ്പറായി 11—3—1982—ൽ കടമ്പനാട് വില്ലേജിൽ തുവയൂർ തെക്ക് കല്ലേലിൽ മുകളിൽ കെ. വെളുമ്പൻ എന്നയാൾക്കു കടമ്പനാട് വില്ലേജിൽ സർവ്വേ 327/1—1—ൽ 14 സെന്റ് സ്ഥലം പതിച്ച് കൊടുത്തിട്ടുണ്ട്.

(സി, ഡി, ഇ) 1981—82—ലെ ജമാബന്തി പരിശോധനയിൽ തടിവില ഈടാക്കിയത് നിലവിലുള്ള നിരക്കുപ്രകാരം കുറവാണെന്നു കണ്ട് ജമാബന്തി ആഫീസർ 277 രൂപ 1 പൈസ കൂടുതലായി മുതൽ

LIBRARY ARCHIVES Kerala Legislative Assembly